"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - LID&EW - ജീവനക്കാര്യം - ശ്രീമതി രഞ്ജിനി.ആർ-ന്റെ (പെൻ-732236) ക്ലർക്ക് തസ്തികയിലെ നിരീക്ഷണകാലം - ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്

സ.ഉ.(സാധാ) നം.2040/2026/LSGD തീയതി,തിരുവനന്തപുരം, 30-10-2026

പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 17.03.2026-ലെ LSGD/JD/EKM/129/2026-B2 നമ്പർ നടപടിക്രമം.

2. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23.09.2026-ലെ LSGD/PD/26173/2026-DEC3 നമ്പർ കത്ത്.

<u>ഉത്തരവ്</u>

തദ്ദേശ സ്വയംഭരണ വകുപ്പ് എറണാകുളം ജില്ലയിലെ കൊച്ചി നഗരസഭ കാര്യാലയത്തിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി രഞ്ജിനി.ആർ-ന്റെ (പെൻ-732236) ക്ലർക്ക് തസ്തികയിലെ നിരീക്ഷണകാലം ദീർഘിപ്പിച്ചു നൽകുന്നതിനായി പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ശ്രീമതി രഞ്ജിനി.ആർ, 01.08.2015-ൽ ക്ലർക്കായി സേവനത്തിൽ പ്രവേശിച്ചെന്നും; നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിന്, നിർദ്ദിഷ്ട വകുപ്പുതല പരീക്ഷ പാസ്സായിരിക്കണം എന്ന നിബന്ധന, ടിയാൾ യഥാസമയം പാലിച്ചിട്ടില്ലെന്നും, 22.11.2022-ൽ വകുപ്പുതല പരീക്ഷ വിജയിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തു. പ്രൊബേഷന് പരിഗണിക്കാത്ത 32 ദിവസത്തെ അവധി, നിരീക്ഷണകാലയളവിൽ ടിയാൾ ഉപയോഗപ്പെടുത്തിയതിനാൽ, ടിയാളുടെ നിരീക്ഷണകാലയളവ്, 02.09.2017 മുതൽ ഒരു വർഷത്തേയ്ക്കു പരാമർശം (1) പ്രകാരം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. നിരീക്ഷണ കാലയളവിൽ ടിയാളുടെ സേവനവും സ്വഭാവവും തൃപ്തികരമാണെന്നും, ടിയാൾക്കെതിരെ വിജിലൻസ് നടപടികളോ അച്ചടക്കനടപടികളോ നിലവിലില്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (2)-ലെ

ശിപാർശയുടെ അടിസ്ഥാനത്തിൽ, ശ്രീമതി രഞ്ജിനി.ആർ-ന്റെ (പെൻ-732236) ക്ലർക്ക് തസ്തികയിലെ നിരീക്ഷണകാലം 23.11.2022 പൂർവാഹ്നത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുവാൻ സാധിക്കത്തക്കവിധം, 1958-ലെ കെ.എസ്&എസ്.എസ്.ആർ ഭാഗം II, ചട്ടം 21 പ്രകാരം, ടിയാളുടെ ക്ലർക്ക് തസ്തികയിലെ നിരീക്ഷണ കാലയളവ്, 02.09.2018 മുതൽ 24.11.2022 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DIPUKUMAR S L

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി രഞ്ജിനി.ആർ(പെൻ-732236), ക്ലർക്ക്(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (EWB2/332/2026-LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Keerthi I P
Date: 30-10-2026
11:39:57

സെക്ഷൻ ഓഫീസർ